കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# ക്രിമിനൽ നിയമഭേദഗതി ആക്റ്റ്, 1938

(1938-ലെ 20-ാം നമ്പർ ആക്റ്റ്)

(1938 സെപ്റ്റംബർ 14-ാം തീയതി നിലവിലുള്ളപ്രകാരം)

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്.

1976

വില : 0-30

കേന്ദ്ര ഗവൺമെൻറ്

നിയമ ന്യായ കമ്പനി മന്ത്രാലയം

# ക്രിമിനൽ നിയമഭേദഗതി ആക്റ്റ്, 1938

(1938-ലെ 20-ാം നമ്പർ ആക്റ്റ്)

(1938 സെപ്റ്റംബർ 14-ാം തീയതി നിലവിലുള്ള പ്രകാരം)

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്.

1976

© കേന്ദ്ര ഗവൺമെന്റ്
നിയമ ന്യായ കമ്പനി മന്ത്രാലയം.

# ക്രിമിനൽ നിയമ ഭേദഗതി ആക്റ്റ്, 1938

(1938—ലെ 20-ാംനമ്പർ ആക്റ്റ്)

ക്രിമിനൽ നിയമം ഭേദഗതി ചെയ്യുന്നതിനുള്ള ആക്റ്റ്.

[1938 സെപ്റ്റംബർ, 14]

യൂണിയന്റെ സായുധസേനകളിൻ സേവനമനുഷ്ഠിക്കുന്നതിന് ആളുകളെ ചേർക്കുന്നതിനും, യൂണിയൻ സായുധസേനകളിലെ അച്ചടക്കത്തിനും ഭംഗം വരത്തക്കവിധമുള്ള ചില കൃത്യങ്ങൾക്ക് ശിക്ഷയ്ക്ക് വ്യവസ്ഥ ചെയ്യുന്നതു വഴി ക്രിമിനൽ നിയമം അനുപൂരണം ചെയ്യുന്നത് സമീചീനമായിരിക്കുകയാൽ, ഇതിനാൽ താഴെ പറയും പ്രകാരം അധിനിയമം ചെയ്തിരിക്കുന്നു :—

1. <u>ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.</u>—(1) ഈ ആക്റ്റിന് ക്രിമിനൽ നിയമഭേദഗതി ആക്റ്റ്, 1938 എന്നു പേർ പറയാവുന്നതാണ്.

(2) ഇത് ഇൻഡ്യ മുഴുവൻ വ്യാപിക്കുന്നതാകുന്നു.

(3) ഇത് ഒരു സ്റ്റേറ്റിൽ, ആ സ്റ്റേറ്റ് ഗവൺമെന്റ്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി, അങ്ങനെയുള്ള സ്റ്റേറ്റിന് ഇതിലേയ്ക്ക് നിശ്ചയിക്കുന്ന തീയതി പ്രാബല്യത്തിൽ വരുന്നതാകുന്നു.

2. <u>പട്ടാളത്തിൽ ചേരുന്നതിൽ നിന്ന് പിൻതിരിപ്പിക്കുകയും പട്ടാളത്തിൽ ചേർന്നതിനുശേഷം മ്യൂട്ടിണിക്കോ ധിക്കരിക്കലിനോ ഉൽസാഹിപ്പിക്കുകയും ചെയ്യുന്നത്.</u>—ആരാണോ —

(ക) യൂണിയന്റെ കരസേനയിലോ നാവികസേനയിലോ വ്യോമസേനയിലോ സേവനം അനുഷ്ഠിക്കുന്നതിന് ആളുകളെ ചേർക്കുന്നതിനെ പ്രതികൂലമായി ബാധിക്കണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി, പൊതുജനങ്ങളേയോ ഏതെങ്കിലും ആളേയോ, അങ്ങനെയുള്ള ഏതെങ്കിലും സേനകളിൽ പ്രവേശിക്കുന്നതിൽനിന്ന് മനഃപൂർവം പിൻതിരിപ്പിക്കുകയോ, പിൻതിരിപ്പിക്കാൻ ശ്രമിക്കുകയോ, അല്ലെങ്കിൽ

(ഖ) അങ്ങനെയുള്ള സേനകളിൽ പ്രവേശിക്കുന്നതിൽനിന്ന്, ഏതെങ്കിലും ആളെ പിൻതിരിപ്പിക്കുകയോ പിൻതിരിപ്പിക്കാൻ ശ്രമിക്കുകയോ ചെയ്യാതെ, പൊതു ജനങ്ങളെയോ ഏതെങ്കിലും ആളേയോ അങ്ങനെയുള്ള ഏതെങ്കിലും സേനയിൽ പ്രവേശിച്ചതിനു ശേഷം, അതതു സംഗതിപോലെ, ഇൻഡ്യൻ കരസേന ആക്റ്റ്, 1911, (1911-ലെ 8)-ലെ 27-ാം വകുപ്പിനോ അല്ലെങ്കിൽ ഇൻഡ്യൻ നാവിക (അച്ചടക്ക) ആക്റ്റ് 1934 (1934-ലെ 34) -ലെ 10 മുതൽ 12 വരേയും (രണ്ടും ഉൾപ്പെടെ) 14 മുതൽ 17 വരേയും (രണ്ടും ഉൾപ്പെടെ) ഉള്ള വകുപ്പുകൾക്കോ, അല്ലെങ്കിൽ ഇൻഡ്യൻ വ്യോമസേന ആക്റ്റ്, 1932 (1932-ലെ 14) 33 മുതൽ 37 വരെ (രണ്ടും ഉൾപ്പെടെ) ഉള്ള വകുപ്പുകൾക്കോ കീഴിൽ മ്യൂട്ടിണിയോ ധിക്കരിക്കലോ ആയ ശിക്ഷിക്കപ്പെടാവുന്ന കുററമായ ഏതെങ്കിലും ചെയ്യാൻ

ഉൽസാഹിപ്പിക്കുകയോ ചെയ്യുന്നത്, അങ്ങനെയുള്ള ഏതൊരാളും ഒരു വർഷത്തോളമാകാവുന്ന കാലത്തേയ്ക്കുള്ള തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

യാതൊരാളേയും ഈ ആക്റ്റിൻകീഴിലെ ഏതെങ്കിലും കുറ്റത്തിന് സ്റ്റേറ്റ് ഗവൺമെൻറിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടിയല്ലാതെ പ്രാസിക്യൂട്ട് ചെയ്യാൻ പാടുള്ളതല്ല.

അപവാദം 1. ഈ വകുപ്പ് (ക) ഖണ്ഡത്തിലെ വ്യവസ്ഥകൾ, കരസേനയോ നാവികസേനയോ വ്യോമസേനയോ സംബന്ധിച്ച ഗവൺമെൻറിന്റെ നയത്തെക്കുറിച്ച്, പട്ടാളത്തിൽ ചേരുന്നതിൽനിന്ന് പിൻതിരിപ്പിക്കാനുള്ള യാതൊരു ഉദ്ദേശ്യം കൂടാതെ, ഉത്തമവിശ്വാസപൂർവ്വം ചെയ്യുന്ന വിമർശനങ്ങളിലേയ്ക്കോ നിരൂപണത്തിലേക്കോ വ്യാപിക്കുന്നതല്ല.

അപവാദം 2. ഈ വകുപ്പ്, (ഖ) ഖണ്ഡത്തിലെ വ്യവസ്ഥകൾ, ഉപദേശം നല്കുന്നത് അത് ആർക്കാണോ നല്കപ്പെടുന്നത്, ആ വ്യക്തിയുടെ ഗുണത്തിനോ അയാളുടെ കുടുംബത്തിലെ ഏതെങ്കിലും അംഗത്തിന്റേയോ അയാളുടെ ആശ്രിതരിൽ ആരുടെയെങ്കിലുമോ ഗുണത്തിനോ ആയിട്ടുള്ള സംഗതിയിലേക്ക് വ്യാപിക്കുന്നതല്ല.